**Lalith Babu**

# വിവരാവകാശ അപേക്ഷ സ്വീകരിക്കുന്നതിന് ഓഫീസിൽ പ്രത്യേക സമയപരിധി നിശ്ചിയിക്കാനാവില്ല.

കമ്മീഷൻ 01.10.2009-ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടു. ശ്രീ. ... 05.09.2009 4.30-ന് പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ എത്തി ഇനി അപേക്ഷ ഒന്നും സ്വീകരിക്കില്ലേ എന്നു ചോദിച്ചു എന്നും, ആ സമയത്ത് താൻ അവിടെ ഉണ്ടായിരുന്നില്ല എന്നും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീമതി. ... കൗണ്ടറിൽ ചെന്ന് മൂന്നു മണി വരെയാണ് അപേക്ഷകൾ സ്വീകരിക്കുന്നത് എന്ന് പറഞ്ഞു എന്നും എന്നിരുന്നാലും അപേക്ഷ വാങ്ങാം എന്നാൽ രസീതി അടുത്ത ദിവസം മാത്രമേ നൽകുകയുള്ളൂ എന്നു പറഞ്ഞു എന്നും അതിൽ അസംതൃപ്തനായി പരാതിക്കാരൻ അപേക്ഷ നൽകാതെ പോയി എന്നും ആണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ റിപ്പോർട്ടിൽ പറഞ്ഞിരുന്നത്. കൂടാതെ ആർ.ടി.ഐ. അപേക്ഷയാണ് നൽകിയത് എന്ന വിവരം പരാതിക്കാരൻ പറഞ്ഞിരുന്നില്ല എന്നും, 02.07.2009-ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 123/ഒ.ടി. സർക്കുലർ അനുസരിച്ച് പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം കൊണ്ടു വരുകയും ആയതു പ്രകാരം പൊതു ജനങ്ങളിൽ നിന്നും അപേക്ഷ സ്വീകരിക്കാനും സേവനങ്ങൾ നൽകുന്നതിനുള്ള സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം മൂന്നു മണി വരെ നിജപ്പെടുത്തുകയും ചെയ്തു എന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു.

കമ്മീഷൻ ഈ കേസ് നേരിൽ കേൾക്കുന്നതിന് 04.01.2010ന് പോസ്റ്റ് ചെയ്തു.

ആ ദിവസം പരാതിക്കാരൻ ...മാർ ഹാജരായിരുന്നു. പബ്ലിക് ഇൻഫർമേഷൻ ഓഫീസറും ... ഗ്രമപഞ്ചായത്ത് സെക്രട്ടറിയുമായ ശ്രീമതി ... ഹാജരുണ്ടായിരുന്നു. അവരെ നേരിൽ കേട്ടു.

ഈ കേസിൽ തന്റെ കൈയിൽ നിന്നും മൂന്നു മണിക്കുശേഷം ആർ.ടി.ഐ. അപേക്ഷ സ്വീകരിക്കാത്തതുകൊണ്ടാണ് താൻ പരാതി നൽകിയത് എന്നും ആർ.ടി.ഐ. അപേക്ഷ വാങ്ങാൻ സമയപരിധി ഏർപ്പെടുത്തിയത് ശരിയല്ലെന്നും പരാതിക്കാരൻ മൊഴി നൽകി. അപേക്ഷ കിട്ടുന്ന സമയത്ത് താൻ ഓഫീസിൽ ഇല്ലായിരുന്നു എന്നും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീമതി. ... ആയിരുന്നു അപേക്ഷ നൽകുന്ന സമയത്തെ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നും ഫ്ര... ഓഫീസ് വഴി അപേക്ഷകൾ സ്വീകരിക്കുന്നത് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള സമയം 10 മണി മുതൽ മൂന്ന് മണിവരെയാണെന്നും പ്രസ്തുത അപേക്ഷ ആർ.ടി.ഐ. അപേക്ഷയാണെന്ന് പരാതിക്കാരൻ പറയാതിരുന്നത് കൊണ്ടാണ് വാങ്ങാതിരുന്നതെന്ന് എന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസറും മൊഴി നൽകി. എന്നാൽ ഈ അപേക്ഷ ആർ.ടി.ഐ. അപേക്ഷയാണെന്ന് താൻ പറഞ്ഞിട്ടും അപേക്ഷ സ്വീകരിക്കാതിരിക്കുകയാണ് ഉണ്ടായതെന്ന് പരാതിക്കാരൻ മൊഴി നൽകി. ഏതായാലും ഈ കേസിൽ ആർ.ടി.ഐ. അപേക്ഷ സ്വീകരിക്കുന്നതിന് പ്രത്യേക സമയ ക്രമം പബ്ലിക് അതോറിറ്റികൾ വയ്ക്കുന്നത് നിയമ പ്രകാരം അനുവദിക്കാൻ കഴിയുന്നതല്ലെന്ന് കമ്മീഷൻ കാണുന്നു. അപേക്ഷയുടെ അസൽ തന്നെ പരാതിക്കാരൻ പരാതിക്കൊപ്പം കമ്മീഷന് അയച്ചു തന്നിരുന്നു. ഈ കേസിൽ പരാതിക്കാരന്റെ അപേക്ഷയുടെ അസൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കമ്മീഷൻ നൽകുകയും പതിനഞ്ച് ദിവസത്തിനകം ആവശ്യപ്പെട്ട മുഴുവൻ വിവരവും സൗജന്യമായി നൽകണം എന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. കൂടുതൽ നടപടികളൊന്നും ഇപ്പോൾ ആവശ്യമില്ല.

ഈ കേസ് ഇപ്രകാരം തീർപ്പാകുന്നു.

ഇന്നേദിവസം 2010 ജനുവരി മാസം 04-ാം തീയതി ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.